# മരിയൻ ദൂത്



**St.Mary's Knanaya Catholic Parish, Mortongrove**

**Vol XIV - Issue 002** www.smkcparish.us | (847) 583 2910 | skmudakodi@gmail.com | 7800 Lyons st, Mortongrove, IL-60053

February 4, 2024

# വചനദീപ്തി...

മറ്റുള്ളവരുടെ വിശ്വാസത്താൽ കടന്നുവരുന്ന ഒരു മനുഷ്യന്റെ ചിത്രമാണ് മാർക്കോസിന്റെ സുവിശേഷം രണ്ടാം അധ്യായത്തിൽ തളർവാതരോഗിയുടെ രൂപത്തിൽ നാം കാണുന്നത്. അപരൻ എനിക്ക് നരകമാണ് എന്ന് ഹൃദയത്തിൽ ഉരുവിട്ടുകൊണ്ട് സ്വാർത്ഥതയുടെ ചുറ്റമതിൽ തീർക്കുന്ന ഇന്നത്തെ ആധുനികലോകത്തിന്റെ മുൻപിൽ കരുണയുടെയും അനുകമ്പയുടെയും ഒരു മഹത്തായ ഉദാഹരണമാണ് ഈ സംഭവത്തിൽ നമുക്ക് ദർശിക്കാനാവുക. നമ്മുടെ സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി മാത്രം യത്നിക്കാതെ, നമ്മുടെ ചുറ്റുമുള്ള സഹോദരങ്ങളെ കേവലം കണ്ണുകൊണ്ട് കാണുകയല്ല, മറിച്ച് അവരുടെ ആവശ്യങ്ങളും വേദനകളും മനസ്സിലാക്കി അവരുടെ ആവശ്യങ്ങളിലേക്കും വേദനകളിലേക്കും നമ്മുടെ കൈകൾ എത്തിക്കുക എന്ന ദൗത്യത്തെ മേൽക്കൂര പൊളിച്ച് കർത്താവിങ്കലേക്ക് ഇറക്കപെടുന്ന തളർവാത രോഗിയെ പറ്റി വിവരിക്കുന്ന ഈ സുവിശേഷ ഭാഗത്തിൽ നമുക്ക് ദർശിക്കുവാൻ സാധിക്കും. ഈ തളർവാദ രോഗി സുഖപ്പെടുന്നത് അയാൾ കർത്താവിന്റെ സന്നിധിയിലേക്ക് എത്തുമ്പോഴാണ്. കൂടി നിന്ന ജനക്കൂട്ടത്താൽ അടഞ്ഞുപോയ വാതിലുകളും, ഭേദിക്കാനാവാത്ത ചുമരുകളും, കയറിപ്പറ്റാനാവാത്ത മേൽക്കൂരയുമൊക്കെ ഞാനെന്ന ഭാവത്തെയും, പാപപങ്കിലമായ ജീവിതങ്ങളെയുമാണ് സൂചിപ്പിക്കുന്നതെങ്കിൽ, കരുണയുടെ കരം കൊണ്ട് പിടിച്ചുയർത്തി, സ്വാർത്ഥതയുടെയും പാപങ്ങളുടെയും മേൽക്കൂരകൾ തകർത്തുകൊണ്ട് കർത്താവിന്റെ സന്നിധിയിലേക്ക് തളർവാത രോഗിയെ ആനയിച്ച ആ സഹോദരങ്ങൾ ക്രിസ്തുവിലേക്കുള്ള വഴികാണിക്കുന്ന സഭയെയാണ് സൂചിപ്പിക്കുന്നത്. കർത്താവിന്റെ വചനം ശ്രവിക്കുക മാത്രമല്ല, വചനത്തിലൂടെ ജീവൻ ആവശ്യമായവർക്ക് അത് കാണിച്ചു കൊടുക്കുകയും ലഭ്യമാക്കുകയും ചെയ്യുവാൻ വിളിക്കപെട്ടവരാണ് ഓരോ ക്രൈസ്തവ വിശ്വാസിയും. കർത്താവിങ്കലേക്ക് എത്തിയാൽ സൗഖ്യം ലഭിക്കും എന്നുള്ള വിശ്വാസം ആ രോഗിയെ മേൽക്കൂരവഴി കർത്താവിങ്കലേക്ക് എത്തിച്ചവർക്ക് ഉണ്ടായിരുന്നു എന്നത് വിശ്വാസത്തിന്റെ പ്രഖ്യാപനമായിരുന്നു. ആത്മീയമായ തളർവാതം പിടിപെട്ട സഹോദരങ്ങളുടെ ജീവിതത്തിലേക്ക് പ്രകാശമായി കടന്നുവരുവാൻ വിളിക്കപ്പെട്ട നമുക്കോരോരുത്തർക്കും നമ്മുടെ ആ ദൗത്യം ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് ദനഹാക്കാലത്തിലെ ഈ ആറാമത്തെ ഞായറാഴ്ച്ചയുടെ ചൈതന്യത്താൽ നോമ്പുകാലത്തിന് വേണ്ടി ഒരുങ്ങാം.

# ഫെബ്രുവരി 2 പരിശുദ്ധ മറിയത്തിന്റെ ശുദ്ധീകരണം



യേശുവിന്റെ ജനനത്തിന്റെ 40താം നാൾ ആണ് ഈ തിരുന്നാൾ ആചരിക്കുന്നത്. വി. ലൂക്കായുടെ സുവിശേഷം രണ്ടാം അദ്ധ്യായത്തിൽ ഈസംഭവംരേഖപ്പെടുത്തിയിരിക്കുന്നു. മോശയുടെ നിയമമനുസരിച്ച് ശുദ്ധീകരണത്തിനുള്ള ദിവസങ്ങൾ പൂർത്തിയായപ്പോൾ അവർ അവനെ കർത്താവിന് സമർപ്പിക്കാൻ ജറുസലേമിലേക്ക് കൊണ്ടുപോയി. കടിഞ്ഞൂൽ പുത്രന്മാരൊക്കെയും 'കർത്താവിന്റെ പരിശുദ്ധൻ' എന്നു വിളിക്കപ്പെടണമെന്നും, ഒരു ജോടി ചെങ്ങാലികളെയോ രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയോ ബലിയർപ്പിക്കണമെന്നും കർത്താവിന്റെ നിയമത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ചാണ് അവർ ഇങ്ങനെ ചെയ്തത്. പരിശുദ്ധ അമ്മ തന്റെ മകനെ കൈകളിലേന്തി, ദേവാലയത്തിൽ പ്രവേശിച്ചപ്പോൾ പരിശുദ്ധാത്മാവിനാൽ പ്രേരിതരായി ശിമയോനും അന്നായും അവിടേയ്ക്ക് കടന്നു വരുന്നു. അവരിലൂടെ യേശുവിനെക്കുറിച്ചുള്ള പ്രവചനം പൂർണമാകുന്നതായി വെളിപ്പെടുത്തുന്നു. ശിമയോൻ പറയുന്നു: "സകല ജനത്തിനും വേണ്ടി ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടു കഴിഞ്ഞു" (ലൂക്ക 2/32).

യേശു ശിമയോനെയും അതിന്റെ തുടർച്ചയായി അവിടത്തെ ജനത്തെയും കണ്ടുമുട്ടുന്നതിനെയും, എല്ലാ ആരാധനയ്ക്കും അർഹനായ യേശു, തന്നെ ആരാധിക്കാനായി പണി കഴിപ്പിച്ച ജെറുസലേം ദേവാലയത്തിലേയ്ക്ക് ആദ്യമായി പ്രവേശിക്കുന്നതിനെയും ഈ തിരുനാൾ സൂചിപ്പിക്കുന്നു. ഇത് വലിയൊരു മണിക്കൂർ, അനുഗ്രഹിക്കപ്പെട്ട സമയം, പരിപൂർണതയുടെ സമയം ആണ്. ഇത്രയും തീവ്രതയിലും പൂർണതയിലും ദൈവത്തിന്റെ സാന്നിദ്ധ്യം ഈ ദേവാലയത്തിൽ ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. അവിടത്തെ പാടി സ്തുതിക്കാൻ എല്ലാ മാലാഖമാരും അവിടെ സന്നിഹിതരായിരുന്നിരിക്കണം!.

"യേശു വിജാതീയർക്ക് വെളിപാടിന്റെ പ്രകാശമായതുകൊണ്ട് ഈ തിരുനാളിൽ തിരി പ്രദക്ഷിണവും കൂടി ഉൾപ്പെടുത്തുന്നു. അതിനാൽ ഈ തിരുനാൾ candle mass എന്നും അറിയപ്പെടുന്നു. വിശുദ്ധ സൊഫ്രോണിയൂസ് പറയുന്നു: "എല്ലാവരും ഈ പ്രദക്ഷിണത്തിൽ വളരെ ആവേശത്തോടെ പങ്കുചേരണം കത്തിച്ച നമ്മുടെ തിരികൾ തിന്മയുടെ അന്ധകാരം നീക്കി തന്റെ സ്വർഗീയപ്രകാശത്താൽ ലോകത്തെ പ്രകാശമാനമാക്കാൻ വന്നവന്റെ പ്രകാശമാണ്. നമ്മുടെ ആത്മാക്കളും ക്രിസ്തുവിനെ കണ്ടുമുട്ടുമ്പോൾ അതുപോലെ പ്രകാശമാനമായിരിക്കണം. അങ്ങനെ നിത്യപ്രകാശമായ ക്രിസ്തുവിനെ കണ്ടുമുട്ടാൻ നമുക്ക് ഒരുങ്ങാം." ഈ തിരുനാൾ ഈശോയുടെ പ്രത്യക്ഷീകരണത്തേയും കൂടി നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്.

ഈ തിരുനാളിൽ പരിശുദ്ധ അമ്മ അനുസരണത്തിന്റെ വലിയൊരു മാതൃക നമുക്ക് നല്കുന്നു. വിശുദ്ധ ഇരണേവൂസ് പ്രസ്താവിക്കുന്നു: "സ്വന്തം അനുസരണം മൂലം മറിയം തനിക്കും മാനവവംശം മുഴുവനും രക്ഷാഹേതുവായി തീർന്നു. ലൂസിഫർ അഹങ്കാരത്താൽ നഷ്ടപ്പെടുത്തിയത് മറിയം എളിമ കൊണ്ട് കരസ്ഥമാക്കി. ഹവ്വ അനുസരണക്കേടിനാൽ കളഞ്ഞു കുളിച്ചത് മറിയം വിധേയത്വംവഴി വീണ്ടെടുത്തു. ഹവ്വ അവിശ്വാസംകൊണ്ടു തീർത്ത ബന്ധനത്തെ കന്യകയായ മറിയം തന്റെ വിശ്വാസം കൊണ്ട് അഴിച്ചു കളഞ്ഞു. ഇന്നും പരിശുദ്ധ അമ്മയുടെ ശുദ്ധീകരണത്തെ അനുസ്മരിച്ച് നമ്മുടെ അമ്മമാർ പ്രസവാനന്തരം നാല് പതാം ദിവസം പള്ളിയിൽ ആഘോഷമായി പ്രവേശിക്കുന്ന പതിവുണ്ട്.

# CHURCH SCHEDULE

## HOLY Qurbana in MALAYALAM

Sunday 8.:00 AM
Sunday 10:00AM
Sunday 5:30PM
Monday - Friday 8:15am
Monday-Thursday 7:00PM
Saturday - 10:00AM

## HOLY QURBANA IN ENGLISH

Sunday - 11:40 AM
Friday - 6:00 PM

## NOVENA (AFTER HOLY QURBANA)

Tuesday: St. Anthony
Thursday: St.Jude
Saturday: Our Lady of Perpectual Help
1st Wednesday: St. Michael

## CONFESSION

Everyday before Holy Qurbana

## RELIGIOUS EDUCATION

Sunday: 10:00AM

## ADORATION CHAPEL

9:00AM - 9:00 PM

## CONTACT INFORMATION


Fr. Siju Mudakodil (Vicar): (210)630 2295
Fr. Joshy Valiyaveetil (Asst. Vicar): (224)775 8039
Sr. Silvarius S.V.M (Parish Secratry): (224)432 3217
Sabu Kattapuram(Trustee Cordinator): (847) 791 1452
Lukose Poozhikunnel (Trustee) : (708)917 9989
George Mattathilparambil (Trustee): (847)606 1642
Binu Poothurayil (Trustee): (847)644 9869
Nibin Vettikkattil (Youth Trustee): (773)934 3535
James Mannakulathil (Accountant): (312)622 3326
Sunny Meledam (Secratary): (773)550 1995
Anil Mattathikunnel (P.R.O ): (773)280 3632
Saji Poothrukayil (DRE): (847) 293 9409
Maneesh Kaimoolayil (Asst. DRE): (773)550 6328
Peter Kulangara(Funeral Cordinator): (847)951 4476
Visitation Convent: (847) 603 8881


# ദനഹാക്കാലം



## Sunday Readings

ദാനി 9:1–9
പാപമോചനം അങ്ങയുടേതാണ്
കൊളോ 1:12–19
പുത്രൻവഴി രക്ഷയും പാപമോചനവും
മർക്കോ 2:1–12
പാപം മോചിക്കുന്ന മിശിഹാ

Dan 9:1–9
Forgiveness belongs to God
Isabel Thekkumkattil


Col 1:12–19
Salvation and forgiveness through the son
Jash Thottumkal

Mk 2:1–12
Christ, the Son of Man has authority to forgive sins

## MARK YOUR CALENDER

Feb 08: Night Vigil
Feb 09: 'Divine Presence' - SMKC Youth ministry
Feb 11: Feast of Our Lady of Lourdes
Feb 12 : Ash Monday
March 7-10: Annual Lenten Retreat
March 16: Blessing of SH church
March 22: 40th Friday
March 24: Palm Sunday
March 28: Pesaha Thursday
March 29: Passion Friday
March 30: Easter Vigil
March 31: Easter Sunday

# CHERUPUSHPA MISSION LEAGUE CORNER



As part of CML activities, we have an initiative to make a difference for others and for yourself. To achieve this goal, we are planning to visit Misericordia Heart of Mercy, is a home to 610 children and adults with developmental disabilities .

Misericordia is a catholic charity of the Archdiocese of of Chicago located at the north side of Chicago, with the mission of providing a life worth living to God's most vulnerable people. It offers a full continuum of care and a comprehensive network of services and programs to maximize each resident's independence, self- determination, interpersonal relationships and engagement in the community. Through Catholic values and traditions they strive to be a diverse and inclusive community of acceptance, respect, dignity, spirituality and quality of life for all. The trip will be on Monday February 19. It's a public holiday.Bus Leaves church at 10:00 am and come back at 1:30 pm.
Lunch will be included during this trip.
Registration is currently closed with 15 members in the waiting list.

Philip Nedumthuruthil,
treasurer of CML.

---

**Feb 4th Sunday**
**CML Group Assignment**
**for Holy Qurbana**
St.Thomas
**Group Coordinators**
Shoma Thenganattu
Sanu Thenganattu
**Group Leader**
Jeslyn Thottugal





Jan 28th Holy Qurbana led by St. John Paul II Group



GOSPEL WRITING
4TH LUCKY DRAW
18TH FEBRUARY

PRIZE SPONSERED BY
VISITATION CONVENT
CHICAGO



## CML Children's Visit to

MISERICORDIA
HEART OF MERCY

**Date: February 19th Monday**
**Location: 6300 North Ridge, Chicago, IL-60660**
**Goal: Sharing life with individuals**
**with intellectual and developmental disabilities**
**Registration: Closed**

# ഇടവക വാർത്തകൾ



ചിക്കാഗോ സെന്റ് മേരീസിൽ മാക്കീൽ പിതാവിന്റെ നൂറ്റി പത്താമത് ചരമവാർഷികാനുസ്മരണം നടത്തപ്പെട്ടു. ജനുവരി 26 വെള്ളിയാഴ്ച രാവിലെ 8.15 നുള്ള മലയാളം കുർബ്ബാനയോടും വൈകിട്ട് 6 മണിക്കുള്ള ഇംഗ്ലീഷ് കുർബ്ബാനയോടും കൂടിയാണ് കോട്ടയം അതിരൂപതയുടെ സ്ഥാപക മെത്രാനായ ദൈവദാസൻ മാർ മാത്യു മാക്കീൽ പിതാവിന്റെ അനുസ്മരണം സംഘടിപ്പിച്ചത്. അനുസ്മരണത്തിന്റെ ഭാഗമായി നടന്ന പ്രാർത്ഥനാ ശുശ്രൂഷകൾക്ക് അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ മുഖ്യ കാർമികത്വം വഹിച്ചു. മാക്കീൽ പിതാവിനാൽ സ്ഥാപിക്കപ്പെട്ട വിസിറ്റേഷൻ സന്യാസ സമൂഹാംഗങ്ങൾ മാക്കീൽ പിതാവിന്റെ അനുസ്മരണത്തിന് നേതൃത്വം നൽകി.

## ആദരാഞ്ജലികൾ



*Cyriac (Sunny )Vellian*
*Olessa*



*Cyriac Manjankal*
*Maryland*




ചിക്കാഗോ സെന്റ് മേരീസ് ക്നാനായ ദേവാലയത്തിലെ മിഷൻ ലീഗ് കുട്ടികൾ ഏറ്റുമാനൂർ San Jose school ന് ചെയ്തുനൽകിയ ചാരിറ്റി പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ സെന്റ് മേരീസ് വികാരി ഫാ. സിജു മുടക്കോടിൽ DRE സജി പുതുക്കയിൽ എന്നിവർ സ്കൂളിൽ എത്തിയപ്പോൾ


## BRINGING BACK MEMORIES






Fr. Abraham Mutholath recognizing the young writers from St. Mary's in the parish bulletin
Published in the parish bulletin of February 02, 2012.

# SMKC YOUTH CORNER




## Understanding The Holy Mass in Syro Malabar Rite

*(I) Introductory Rite :*

*The Holy Mass starts with the invokation the Father ,Son and Holy Spirit."Anna pesaha " song remind us our Lord's command to celebrate this sacrament. Also remind us to reconcile with one another before this sacrament of Love.*

*We sing the same song angels sang when Jesus was born ,"Glory to God in the highest". We pray the "Our Father " prayer.Echoing of "holy holy" remind us of the constant praises arising from the lips of angels revealed in Revelation 4:8*

*We also ask God's help to celebrate this great mystery. We sing from pslams as a form of praise and Worship to God. Sometimes incence are offered as an adoration .*
*The song "Sarvadhipanam" is a song of adoration to the Blessed Trinity. During this song the curtain is removed. Jesus' death reconciled the world to God.*

*To be continued in the next week.*



# നോമ്പുകാല വാർഷിക ധ്യാനം

~Emmaus Experience Retreat~
~A Eucharistic Journey~






Chicago St. Mary's Knanaya Church
7800 Lyons st, Mortongrove

2024

March 7 Thursday - March 10 Sunday.



Fr. Augustine Mundackatt V.C.



March 7th Thursday 7.00pm to 9.00pm
March 8th Friday 10.00am to 6.00pm
March 9th Saturday 10.00am to 6.00pm
March 10th Sunday 10.00am to 5.30pm

Fr. Augustine is currently serving as the Global Evangelization Director and Counselor General of the Vincentian Congregation, in charge of Retreats and centers across the Globe. Previously he was the Editor of Vachanolsavam (a popular Indian Catholic Renewal magazine published in seven languages), Vicar Provincial, and Director of Retreat Centers in Kolkata (Calcutta), Kottayam, Goa. Responding to the World Evangelization call of Pope John Paul II over 25 years ago, he has travelled to more than forty countries preaching the Gospel. Throughout the course of his faithful ministry, numerous Signs and Healings have been reported.